**INDIAN SCHOOL SOHAR**
**PERIODIC TEST II (2022-23)**
**MALAYALAM (012)**

**CLASS: X** **MAX. MARKS: 80**
**DATE: 27/09/2022** **TIME: 3 HOURS**

**General instructions:**

- **This question paper contains 7 printed pages.**
- **Write the serial number of the question before attempting it.**
- **Separate instructions are given for each section, wherever necessary.**
- **The question paper is divided into two sections:**
  **Section A:Reading Comprehension**
  **:Vocabulary Building & M.C.Q :40 Marks**
  **Section B:Grammar, Composition &**
  **:Literature (Prose, Poetry & Non- detailed) :40 Marks**

## എ വിഭാഗം/A section

**1.ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക.** (8x1=8)

ആധുനിക യുഗത്തിലെ ശക്തമായ കലാരൂപം സിനിമ തന്നെയാണ്. വിനോദരൂപമെന്ന നിലയിലും വിമർശനരൂപമെന്ന നിലയിലും സിനിമ സമൂഹത്തെ സ്വാധീനിച്ചു കൊണ്ടിരിക്കുന്നു. 1896 ലാണ് സിനിമ ഭാരതത്തിൽ ആദ്യമായി പ്രദർശിപ്പിച്ചത്. 1913 ൽ പ്രദർശിപ്പിച്ച രാജാ ഹരിശ്ചന്ദ്രയാണ് ആദ്യത്തെ കഥാചിത്രം. ദാദാസാഹിബ് ഫാൽക്കെയായിരുന്നു അത് നിർമ്മിച്ചത്. ഇന്ത്യൻ സിനിമയ്ക്ക് നൽകുന്ന ആജീവനാന്ത സംഭാവനകളെ മുൻനിർത്തി ഭാരത സർക്കാർ നൽകിവരുന്ന അവാർഡ് അദ്ദേഹത്തിന്റെ പേരിലാണ്. അടൂർ ഗോപാലകൃഷ്ണനാണ് ഈ പുരസ്കാരം നേടിയ ആദ്യ മലയാള ചലച്ചിത്രകാരൻ. 1955 ൽ സത്യജിത്ത്റേ 'പാഥേർ പാഞ്ചാലി' എന്ന ചിത്രവുമായി വന്നതോടെ ഇന്ത്യൻ സിനിമയ്ക്ക് മറ്റൊരു മുഖം കൂടി വന്നു ചേർന്നു. 1954 ൽ ദേശീയതലത്തിൽ സിനിമയ്ക്ക് അവാർഡ് ഏർപ്പെടുത്തിയത് നല്ല സിനിമ ഉണ്ടാക്കാൻ കാരണമായി. സിനിമ വലിയ വിദ്യാഭ്യാസോപാധി കൂടിയാണ്. കേട്ട് പഠിക്കുന്നതിനു മാത്രമല്ല കണ്ട് പഠിക്കുന്നതിനുകൂടി അവസരമൊരുക്കുന്നു. രക്തചംക്രമണ വ്യവസ്ഥയെക്കുറിച്ച് വാൾട്ട് ഡിസ്നി നിർമ്മിച്ച ചിത്രമാണ് ലോകത്തിലെ പ്രഥമ ബോധന ചിത്രം. സമൂഹത്തെ ബോധവൽക്കരിക്കുന്നതിൽ ഡോക്യുമെന്ററികൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. പാരിസ്ഥിതിക ചൂഷണത്തിനെതിരെ ആനന്ദ് പട് വർധൻ നിർമ്മിച്ചിട്ടുള്ള ഡോക്യുമെന്ററി കണ്ടാൽ സമൂഹവും സിനിമയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ കഴിയും.

a) 'പാഥേർ പാഞ്ചാലി' എന്ന സിനിമ ആരാണ് നിർമ്മിച്ചത്?
(വാൾട്ട് ഡിസ്നി, ദാദാസാഹിബ് ഫാൽക്കെ, സത്യജിത്ത് റേ, ആനന്ദ് പട് വർധൻ )

b) ആധുനിക യുഗത്തിലെ ശക്തമായ കലാരൂപം ഏതാണ്?
(ഡോക്യുമെന്ററി, നാടകം, നൃത്തം, സിനിമ)

c) ഡോക്യുമെന്ററികൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. ഏതിൽ?
(വിദ്യാഭ്യാസത്തിൽ, സമൂഹത്തെ ബോധവൽക്കരിക്കുന്നതിൽ, പാരിസ്ഥിതിക ചൂഷണത്തിൽ, ദേശീയതലത്തിൽ)

d) ആദ്യത്തെ കഥാചിത്രം ഏതാണ്?
(പാഥേർ പാഞ്ചാലി, പഞ്ചതന്ത്രം, കഥാസരിത്സാഗരം, രാജാഹരിശ്ചന്ദ്ര )

e) ആനന്ദ് പട്വർധൻ എന്തിനെതിരെയാണ് ഡോക്യുമെന്ററി നിർമ്മിച്ചിരിക്കുന്നത്?
(സ്ത്രീകളെ ചൂഷണം ചെയ്യുന്നതിനെതിരെ, സമൂഹത്തിനെതിരെ, പാരിസ്ഥിതിക ചൂഷണത്തിനെതിരെ, സിനിമയ്ക്കെതിരെ)

f) ഇന്ത്യൻ സിനിമയ്ക്ക് നൽകുന്ന ആജീവനാന്ത സംഭാവനകളെ മുൻനിർത്തി ഭാരത സർക്കാർ നൽകിവരുന്ന അവാർഡ് ആരുടെ പേരിലാണ്?
(സത്യജിത്ത് റേ, ഡേവിഡ് മെലിഞ്ഞ, ആനന്ദ് പട്വർധൻ, ദാദാസാഹിബ് ഫാൽക്കെ)

g) രക്തചംക്രമണ വ്യവസ്ഥയെക്കുറിച്ച് വാൾട്ട് ഡിസ്നി നിർമ്മിച്ച ചിത്രത്തിന്റെ പ്രത്യേകതയെന്ത്?
(ലോകത്തിലെ പ്രഥമബോധനചിത്രം, കഥാചിത്രം, പ്രഥമചിത്രം, അവസാന ബോധനചിത്രം)

h) 'രാജാ ഹരിശ്ചന്ദ്ര' നിർമ്മിച്ചത് ആര്?
(സത്യജിത്ത് റേ, ഡേവിഡ് മെലിഞ്ഞ, ആനന്ദ് പട്വർധൻ, ദാദാസാഹിബ് ഫാൽക്കെ)

i) സിനിമ ഭാരതത്തിൽ ആദ്യമായി പ്രദർശിപ്പിച്ച വർഷം ഏത്?
(1986, 1896, 1968, 1869)

j) ദാദാസാഹിബ് ഫാൽക്കെ അവാർഡ് നേടിയ ആദ്യ മലയാളചലച്ചിത്രകാരൻ ആര്?
(സത്യജിത്ത് റേ, അടൂർ ഗോപാലകൃഷ്ണൻ, ആനന്ദ് പട്വർധൻ, വി.കെ.മൂർത്തി)

k) വദനം എന്ന വാക്കിനു പകരമായി ഈ ഖണ്ഡികയിൽ ഉപയോഗിച്ചിരിക്കുന്ന പദമേത്?
(രക്തം, യുഗം, മുഖം, രൂപം)

**2.ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** (8x1=8)

a) സ്മരിക്കുക-എന്നതിന്റെ വിപരീതപദം ഏത്?
(ഓർക്കുക, അനുസ്മരിക്കുക, വിസ്മരിക്കുക, വിസ്തരിക്കുക)

b) മഞ്ഞ്-ഈ പദത്തിന്റെ ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക.
(ഹിമം, ഹേമം, തുഷാരം, കാഞ്ചനം)

c) പാടം-എന്ന പദത്തിന്റെ പര്യായപദമല്ലാത്തത്?
(വയൽ, കേദാരം, വ്യൂഹം, കണ്ടം, )

d) ഭ്രാതാവ് -എതിർലിംഗമേത്?
(ഭ്രാതാവി, ഭഗിനി, ഭഗനി, ഭ്രാതാവിനി)

e) സമയം-എന്നതിന്റെ നാനാർത്ഥപദങ്ങേളേത്?
(അത്ഭുതം, കാലം, കല്പന, പടം)

f) പൂരം-എന്നതിന്റെ നാനാർഥപദമല്ലാത്തത് ഏത്?
(ഒരു നക്ഷത്രം, ഉത്സവം, പട്ടണം, കൂട്ടം)

g) ഓതം-ഓരം-ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക.
(നനവ്, വംശം, വശം, നിനവ്)

h) ധർമ്മക്ഷയം-ശരിയായ വിഗ്രഹരൂപമേത്?
(ധർമ്മത്താൽ ക്ഷയം, ധർമ്മത്തിന് ക്ഷയം, ധർമ്മം കൊണ്ടുള്ള ക്ഷയം, ധർമ്മം എന്ന ക്ഷയം)

i) പ്രിയ എന്നതിന്റെ എതിർലിംഗം എന്താണ്?
(പ്രിയൻ, പ്രിയത, പ്രിയതമ, സുപ്രിയ)

j) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക.
(മോഹൈകഹന്ത്രി, മോഹെകഹന്ത്രി, മോഹേകഹന്ത്രി, മോഹൈകഹന്തി)

**3.ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽനിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.** (4x2=8)

a) ‘‘നാളെയാണ്, അല്ലേ?’’

i. ആരോടാണ് ഇങ്ങനെ ചോദിക്കുന്നത്?
(നീലിമണ്ണാത്തിയോട്, കുട്ട്യസ്സൻ മാപ്പിളയോട്, പാറാവുകാരനോട്, വെള്ളായിയപ്പനോട്)

ii. ഏത് കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്?
(വധശിക്ഷയുടെ, ശവസംസ്കാരത്തിന്റെ, കണ്ണൂരിലേക്ക് പോകുന്നത്, കോടതിയുടെ വിധി വരുന്നത്)

b) ‘ഭാവശാലികൾ പിരിഞ്ഞുകൂടിയാ_
ലീവിധം വികലമാം സുഖോദയം.’

i. ഭാവശാലികൾ പിരിഞ്ഞുകൂടിയാലുള്ള സുഖോദയം എങ്ങനെയായിരിക്കുമെന്നാണ് കവി പറയുന്നത്?
(വിമലം, വിഫലം, വിരളം, വികലം)

ii. ‘നളിനി’ എന്ന കൃതിയുടെ മറ്റൊരു പേര്?
(ഒരു സ്നേഹകഥ, ഒരു സൗഹൃദം, ഒരു സ്നേഹം, ഒരു പ്രണയം))

c) ‘‘നിനക്ക് തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ.’’

i. കൈയിൽ ഉള്ളത് എന്താണ്?
(പൊതിച്ചോറ്, സ്നേഹം, റേഡിയോ, പതിനഞ്ചുറുപ്പിക )

ii. ഈ വാക്യത്തിൽ തെളിയുന്ന വക്താവിന്റെ അവസ്ഥ ഏത്?
(നിസ്സഹായത, സ്നേഹശൂന്യത, അവിശ്വനീയത, ദാനശീലം)

d) ‘‘....... ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ’’

i. മിന്നലിന്റെ പ്രഭപോലെ ഇല്ലാതാകുന്നത് എന്ത്?
(ക്രോധം, മോഹങ്ങൾ, ഭോഗങ്ങൾ, കാരുണ്യം )

ii. എഴുത്തച്ഛന്റെ കൃതി ഏത്?
(ഹരിനാമകീർത്തനം, കൃഷ്ണഗാഥ, ജ്ഞാനപ്പാന, സീതാസ്വയംവരം)

e) ‘‘ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം’’

i. പൊയ്കയിലേക്ക് എടുത്തുചാടിയ നളിനിയെ രക്ഷപ്പെടുത്തിയത് ആരായിരുന്നു?
(ദിവാകരൻ, കവി, സന്ന്യാസിനി, വിദ്യാർത്ഥി)

ii. ഇവിടെ ‘യതി’ എന്നു പറഞ്ഞതാരെയാണ്?
(ദിവാകരനെ, കവിയെ, സന്ന്യാസിനിയെ, നളിനിയെ)

f) ‘‘വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജൻമം ..................’’

i. തീയിൽ ചുട്ടുപഴുത്ത ലോഹത്തിൽ പതിക്കുന്ന ജലബിന്ദു, മനുഷ്യന്റെ ഏത് അവസ്ഥയെ സൂചിപ്പിക്കുന്നു?
(വേഗത, സ്ഥിരത, അനശ്വരത, ക്ഷണഭംഗുരത)

ii. ഈ വരികളിലെ ഭാഷാപരമായ സവിശേഷത എന്ത്?
(ദീർഘമായ ഘടക പദങ്ങൾ, ദീർഘമായ സമസ്തപദങ്ങൾ, ഹ്രസ്വമായ ഘടകപദങ്ങൾ, ഹ്രസ്വമായ സമസ്തപദങ്ങൾ)

**4..ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽനിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.** (4x4=16)

a) ‘‘അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ’’

i. ആരാണ് ഈ വരികൾ എഴുതിയത്?
(കുമാരനാശാൻ, റഫീക്ക് അഹമ്മദ്, ശ്രീ നാരായണഗുരു, വൈലോപ്പിള്ളി ശ്രീധരമേനോൻ)

ii. ആര് പറയുന്നതാണ് ഈ വാക്കുകൾ?
(ദിവാകരൻ, നളിനി, ഭാര്യ, ശ്രീരാമൻ)

iii. ആരോടാണ് പറയുന്നത്?
(ദിവാകരനോട്, നളിനിയോട്, ശ്രീരാമനോട്, ലക്ഷ്മണനോട്)

iv. ഈ വരികളുടെ ആശയം എന്ത്?
(ക്രോധം പരിത്യജിക്കണം, വിവേകം ഉപേക്ഷിക്കണം, വിവേകികൾ പരോപകാരം ചെയ്ത് സ്വന്തംജീവിതം ധന്യമാക്കും, വിവേകികൾ സ്വന്തം ജീവിതം ഇല്ലാതാക്കും)

b) ‘‘വെള്ളായി ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്.’’

i. എന്തിനെക്കുറിച്ച് ഓർക്കരുതെന്നാണ് പറയുന്നത്?
(വധശിക്ഷയെക്കുറിച്ച്, കത്തിനെക്കുറിച്ച്, കടത്തെക്കുറിച്ച്, പൊതിച്ചോറിനെക്കുറിച്ച് )

ii. ആര് പറയുന്നതാണ് ഈ വാക്കുകൾ?
(കുട്ട്യസ്സൻമാപ്പിള, നീലി മണ്ണാത്തി, അപരിചിതർ, പാറാവുകാരൻ)

iii. ഈ സന്ദർഭം ഉൾക്കൊള്ളുന്ന കൃതി ഏതു സാഹിത്യവിഭാഗത്തിൽപെടുന്നു?
(നോവൽ, നിരൂപണം, ചെറുകഥ, ജീവചരിത്രം )

iv. ഈ കൃതി എഴുതിയതാര്?
(ഒ.വി.വിജയൻ, എം.എൻ.വിജയൻ, ഇ.സന്തോഷ്കുമാർ, കുട്ടിക്കൃഷ്ണമാരാർ)

c) "......മേകാന്തചേതസാ ചെയ്ക വേണ്ടുന്നതും"

i. എന്താണ് ഏകാന്തചേതസാ ചെയ്യേണ്ടത്?
(ഭരണം, പ്രാർത്ഥന, വിദ്യാഭ്യാസം, ധനസമ്പാദനം, )

ii. എന്തിനുവേണ്ടിയാണ് ഇത് ചെയ്യുന്നത്?
(രാജ്യം ലഭിക്കാൻ, പണം ലഭിക്കാൻ, മോക്ഷം ലഭിക്കാൻ )

iii. എഴുത്തച്ഛന്റെ കൃതികളിൽ പ്രകടമാകുന്ന ഭാവമെന്ത്?
(ഭക്തി, ഭയം, രതി, ശോകം )

iv. എഴുത്തച്ഛന്റെ ജീവിതകാലം?
(പതിനാലാം നൂറ്റാണ്ട്, പതിനാറാം നൂറ്റാണ്ട്, പതിനെട്ടാം നൂറ്റാണ്ട്, പതിനേഴാം നൂറ്റാണ്ട്)

d) "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ......"

i. ഈ വരികളുടെ കാവ്യപരമായ സവിശേഷത എന്ത്?
(ആദ്യപ്രാസം, ദ്വിതിയാക്ഷരപ്രാസം, അനുപ്രാസം, അന്ത്യപ്രാസം)

ii. 'നളിനി' എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപെടുന്നു?
(മഹാകാവ്യം, ഖണ്ഡകാവ്യം, വിലാപകാവ്യം, സന്ദേശകാവ്യം)

iii. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ! നളിനി ഇപ്രകാരം പറയാനുള്ള കാരണം എന്ത്?
(ദിവാകരൻ നളിനിയെ തിരിച്ചറിഞ്ഞതിനാൽ, ദിവാകരനെ കാണാൻ സാധിച്ചതിനാൽ, ദിവാകരൻ സന്ന്യാസിയായതിനാൽ, ദിവാകരന്റെ വാക്കുകൾ കേട്ടതിനാൽ)

iv. "ഭവാനു പണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!".. 'പണ്ട്' എന്ന വാക്കിൽ തെളിയുന്ന നളിനിയുടെ മനോഭാവം എന്ത്?
(സന്തോഷം, ദു:ഖം, ആശങ്ക, നിരാശ)

e) "വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ"

i. സൗമിത്രേ എന്ന് വിളിക്കുന്നത് ആരെയാണ്?
(ശ്രീരാമനെ, ലക്ഷ്മണനെ, ദശരഥനെ, എഴുത്തച്ഛനെ )

ii. ആര് പറയുന്നതാണ് ഈ വാക്കുകൾ?
(ശ്രീരാമൻ, ലക്ഷ്മണൻ, ദശരഥൻ, സീത )

iii. ഈ പാഠഭാഗം ആദ്ധ്യാത്മരാമായണത്തിലെ ഏതു കാണ്ഡത്തിലുള്ളതാണ്?
(അയോധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്ക്കിന്ധാകാണ്ഡം, ബാലകാണ്ഡം )

iv. ഈ സംബോധനയിൽ സ്ഫുരിക്കുന്ന ഭാവമെന്ത്?
(ദേഷ്യം, പക, വാൽസല്യം, അഹങ്കാരം)

## ബി വിഭാഗം/B section

**5.a) പ്രയോഗം മാറ്റുക.** (2x1=2)

i. കുട്ടികളെ ഞാൻ ലാളിച്ചിട്ടില്ല.
ii. മകന്റെ ദേഹം വെള്ളായിയപ്പനാൽ ഏറ്റുവാങ്ങപ്പെട്ടു.

**b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** (2x1=2)

i. അപ്പോൾ അയാളെ ഒടുക്കമൊന്നു കാണുവാനായി സഞ്ജയൻ അവിടെ വന്നു.
ii. ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റുപിടിച്ചു.

**c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** (2x1=2)

i. അർജ്ജുനൻ നിന്നെ കൊല്ലാനും വധിക്കാനുമല്ല അസ്ത്രമെയ്തത്.
ii. വെള്ളായിയപ്പൻ ഒരു പാറാവുകാരനാൽ തടവറയുടെ ഉള്ളുകളിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു.

**d) അർത്ഥംമാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കിമാറ്റുക** (2x1=2)

i. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു.
ii. മേധാവികൾ കടലാസ് പരിശോധിക്കുന്നു.

**e) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക** (2x1=2)

i. നിസ്സഹായത
ii. പേടിച്ചരണ്ടു
iii. സഹാനുഭൂതി

**6.ഒന്നരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക**

a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. (1x5=5)

i. നഷ്ടപ്പെടുന്ന കാർഷിക സംസ്ക്കാരം
ii. നഗരവൽക്കരണം ഉയർത്തുന്ന ഭീഷണികൾ

b) കളഞ്ഞുകിട്ടിയ ബാഗ് തിരികെ ഏൽപിച്ച പാറപ്പുഴ ഗ്രാമത്തിലെ വിദ്യാർത്ഥികളെ അനുമോദിച്ചു-പത്രവാർത്ത തയ്യാറാക്കുക. (1x5=5)

c) നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നം സർക്കാറിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. (1x5=5)

**7.താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക.**

a) ഏതെങ്കിലും **ഒരു** ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക. (1x3=3)

i. ''രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്.'' ഇത്തരത്തിൽ അർത്ഥപൂർണ്ണങ്ങളായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ പൂരിപ്പിക്കുന്നത്. വിവരിക്കുക.

ii. വെള്ളായിയപ്പന്റെ സ്വഭാവ സവിശേഷതകൾ വിവരിക്കുക.

b) ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക. (2x3=6)

i. 'ചക്ഷുഃശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു'.. 'കാലാഹി' എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്? വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ii. 'ക്രോധം പരിത്യജിക്കണം ബുധജനം' .. ഈ വാക്യത്തിന്റെ കാലിക പ്രസക്തി വിവരിക്കുക.

iii. ''നന്നല്ല ദേഹം നിമിത്തം മഹാമോഹം''.. എന്തുകൊണ്ട്?

**8.ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.** (2x3=6)

i. ബാല്യത്തിൽ ദാരിദ്ര്യം മാറാൻ കുഞ്ഞൻ ചെയ്തുവന്ന ജോലികൾ എന്തെല്ലാം?

ii. കൊല്ലൂർ കൃഷ്ണപിള്ളയ്ക്ക് ചട്ടമ്പിയുടെ ഈ നടപടിയോട് ഒട്ടും താല്പര്യം തോന്നിയിരുന്നില്ല. എന്തായിരുന്നു ആ നടപടി?

iii. കുഞ്ഞൻപിള്ളയിൽ പുതിയൊരു ആധ്യാത്മിക തേജസ് ജനിച്ചത് എപ്പോഴായിരുന്നു? വിശദീകരിക്കുക.

***********************************